**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5188** **12-08-2021 - ൽ മറുപടിയ്ക്ക്**

**ആസ്തി വികസന പദ്ധതി വെബ് പോർട്ടൽ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി.വി.അൻവർ | | Shri K N Balagopal<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | എം.എൽ.എ. മാരുടെ ആസ്തി വികസന പദ്ധതികളുടെ നിർവ്വഹണ പുരോഗതി അറിയുന്നതിനുവേണ്ടിയുള്ള ads2.kerala.gov.in എന്ന വെബ്പോർട്ടലിൽ മുൻവർഷങ്ങളിലെ പദ്ധതികളുടെ പുരോഗതി അറിയുന്നതിന് നിലവിൽ സംവിധാനമില്ല എന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | മുൻ വർഷങ്ങളിലെ പദ്ധതികളുടെ പുരോഗതി അറിയുന്നത് സംബന്ധിച്ച് ADS വെബ് പോർട്ടൽ പരിഷ്കരിക്കുന്നതിന് nic-യുമായി ചർച്ച നടത്തി ആയത് പരിഗണിക്കുന്നതാണ്. |
| (ബി) | പുതിയ എം.എൽ.എ. മാരുടെ പേര് ചേർക്കുമ്പോഴുണ്ടാകുന്ന സാങ്കേതിക പ്രശ്നം പരിഹരിക്കുന്നതിന് എന്ത് നടപടിയാണ് ചെയ്യാനുദ്ദേശിക്കുന്നത്; അറിയിക്കുമോ; | (ബി) | പുതിയ എം.എൽ.എ-മാരുടെ പേര് ചേർക്കുമ്പോൾ എന്തെങ്കിലും സാങ്കേതിക പ്രശ്നമുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (സി) | പതിനാല്, പതിനഞ്ച് കേരള നിയമസഭകൾക്ക് വേണ്ടി പ്രത്യേകം എ.ഡി.എസ്. പോർട്ടൽ ഒരുക്കിയാൽ ഈ സാങ്കേതിക പ്രശ്നം പരിഹരിക്കാനാകുമോ; | (സി) | പുതിയ എം.എൽ.എ-മാരുടെ പേര് ചേർക്കുമ്പോൾ എന്തെങ്കിലും സാങ്കേതിക പ്രശ്നമുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (ഡി) | മുൻവർഷങ്ങളിൽ എം.എൽ.എ. മാർ നിർദ്ദേശിച്ച ഏതൊക്കെ പ്രവൃത്തികൾക്ക് ഭരണാനുമതി ലഭ്യമായിട്ടില്ല എന്ന വിവരം അറിയുന്നതിന് എ.ഡി.എസ്. വെബ് പോർട്ടലിൽ മാറ്റങ്ങൾ വരുത്തുന്നതിന് നിർദ്ദേശം നൽകുമോ; | (ഡി) | ഓരോ എം.എൽ.എ-മാരും ശുപാർശ ചെയ്ത പ്രവൃത്തികളിൽ ഭരണാനുമതി നൽകിയിട്ടുള്ള പ്രവൃത്തികളുടെ ഉത്തരവ് ADS വെബ് പോർട്ടലിൽ 'Proceedings' എന്ന ഓപ്ഷനിൽ ലഭ്യമാണ്. |
| (ഇ) | ads2.kerala.gov.in എന്ന വെബ് പോർട്ടലിൽ എം.എൽ.എ. മാരുടെ പേരുകൾക്ക് പകരം നിയോജക മണ്ഡലങ്ങളുടെ പേര് സെർച്ച് ഓപ്ഷനിൽ നൽകിയാൽ ഒറ്റ വെബ് പോർട്ടലിൽ തന്നെ തൻ വർഷത്തെയും മുൻ വർഷങ്ങളിലെയും പ്രവൃത്തികളുടെ പുരോഗതി അറിയാൻ കഴിയുന്നവിധം സോഫ്റ്റ്വെയർ പരിഷ്കരിക്കുന്നതിന് സർക്കാർ നടപടി സ്വീകരിക്കുമോ? | (ഇ) | ADS വെബ് പോർട്ടൽ പരിഷ്കരിക്കുന്നത് nic-യുമായി ചർച്ച നടത്തി തീരുമാനമെടുക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ